(ബി) എങ്കിൽ ഈ പ്രവൃത്തിക്ക് എത്ര ലക്ഷം രൂപയാണ് ചെലവു കണക്കാക്കിയിട്ടുള്ളത്;

(സി) ഈ റോഡിന്റെ വികസന പ്രവർത്തനങ്ങൾ എപ്പോൾ നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഒറ്റപ്പാലം മണ്ഡലത്തിലെ കുളപ്പുള്ളി-ഏലിയാപ്പറ്റ റോഡിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് നബാർഡിന്റെ RIDF-IX സ്കീമിൽ ധനസഹായം ലഭിക്കുന്നതിനായി ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഈ പ്രവൃത്തിക്ക് 134 ലക്ഷം രൂപയാണ് ചെലവ് കണക്കാക്കിയിട്ടുള്ളത്.

(സി) നബാർഡിന്റെ ധനസഹായം ലഭിച്ചാൽ ഉടൻതന്നെ ഈ റോഡിന്റെ വികസന പ്രവർത്തനങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നു.

പേരാമ്പ്രയിൽ ബൈപ്പാസ് റോഡ് നിർമ്മാണം

123 [1353] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്രയിൽ ഒരു ബൈപ്പാസ് റോഡ് നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ പ്രവർത്തനം എത്രത്തോളമായെന്ന് വ്യക്തമാക്കാമോ;

(സി) ഇതിന്റെ പ്രാരംഭ പ്രവർത്തനം എപ്പോൾ ആരംഭിക്കുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ, ബി & സി) ഇല്ല. എന്നാൽ പ്രസ്തുത ബൈപ്പാസ് നിർമ്മാണം സംബന്ധിച്ച് പഞ്ചായത്ത് തലത്തിൽ പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുള്ളതായി മനസ്സിലാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly